പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 795 24/7/2012 ന് മറുപടിയ്ക്ക്

പാട്ടവ്യവസ്ഥകൾ ലംഘിച്ച എസ്റ്റേറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.എം.എ.ബേബി :<br>ശ്രീ.ജയിംസ് മാത്യു :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സർക്കാർ വക എസ്റ്റേറ്റുകൾ പാട്ടത്തി നെടുത്തവർ പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ അവ ഏറ്റെടുക്കുന്നത് സംബന്ധിച്ച സർക്കാർ നയം എന്താ ണെന്ന് വിശദമാക്കാമോ; | (എ) | പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ നിലവിലുള്ള നിയമങ്ങ ളുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കു ന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആകയാൽ പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. |
| (ബി) | നിലവിൽ വനം വകുപ്പ് ഏതെല്ലാം ഭൂമികൾ പാട്ടത്തിന് നൽകിയിട്ടുണ്ട്; പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് എത്ര എസ്റ്റേറ്റുകൾ ഇതിനകം ഏറ്റെടു ക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്; ഏതെല്ലാം ഏറ്റെടുക്കൽ നടപടികൾക്ക് ഏതെല്ലാം കോടതികൾ സ്റ്റേ നൽകുകയുണ്ടായി ; ഇപ്പോഴും കേസുകളിൽപ്പെട്ടവ ഏതൊക്കെ ; | (ബി) | വനം വകുപ്പ് സർക്കാർ സ്ഥാപന ങ്ങൾക്കും സർക്കാരിതര സ്ഥാപന ങ്ങൾക്കും വ്യക്തികൾക്കും വിവിധ കാലങ്ങളിലായി വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയതിനെ തുടർന്ന് നെന്മാറ ഡിവിഷനിലെ ബീയാട്രീസ് - 246.26 ഏക്കർ, മീരാഫ്ളോറസ് - 486.63 ഏക്കർ എന്നീ എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുത്തു സംരക്ഷിച്ചു വരുന്നു. മീരാ ഫ്ളോറസ് എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ കക്ഷികൾ ബഹു: ഹൈക്കോടതിയിൽ രണ്ട് കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. |

രാജാക്കാട് - 288.85 ഏക്കർ, മോങ്ക് വുഡ് - 232.82 ഏക്കർ, ചെറുനെല്ലി - 250 ഏക്കർ എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ ബഹു: ഹൈക്കോടതിയിലും ചാലക്കുടി ഡിവിഷനിലെ മുപ്ലിവാലി എസ്റ്റേറ്റ് - 4896.65 ഏക്കർ ഏറ്റെടുക്കുന്നതിനെതിരെ ബഹു: ഇരിങ്ങാലക്കുട സബ്കോടതിയിലും സ്റ്റേ ഉത്തരവുകൾ നിലവിലുണ്ട്.

(സി) ഏറ്റെടുക്കൽ നടപടികൾക്കെതിരെ വന്ന ഏതെല്ലാം കേസുകളിൽ സർക്കാരിന് അനുകൂലമായി വിധിയുണ്ടായി ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ റോസറി എസ്റ്റേറ്റ് (242.69 ഏക്കർ) ഏറ്റെടുക്കുന്നതിനെതിരെ ഫയൽ ചെയ്ത ഒ. പി. 14721/94, ഒ. പി. 18378/95 എന്നീ കേസുകളിൽ സർക്കാരിന് അനുകൂലമായി വിധി ഉണ്ടാവുകയും ടി തോട്ടം 12.04.95 ൽ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുകയും ചെയ്തു. തൂത്തംപാറ എസ്റ്റേറ്റ് (351.36 ഏക്കർ) ഏറ്റെടുക്കുന്നതിനെതിരെ ഫയൽ ചെയ്ത ഒ. എസ്. 233/2007 സർക്കാരിന് അനുകൂലമായി വിധി ഉണ്ടായതിനെ തുടർന്ന് 15.07.2007 ൽ ഈ തോട്ടവും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുകയുണ്ടായിട്ടുണ്ട്. ഇതിനെതിരെ പാട്ടക്കാർ ഫയൽ ചെയ്ത എ. എസ് 11/2008 ലും സർക്കാരിനനുകൂലമായാണ് വിധിയുണ്ടായത്. ഇതേ തുടർന്ന് എസ്റ്റേറ്റ് അധികൃതർ ഫയൽ ചെയ്ത ആർ. എസ്. എ. 933/2010 നമ്പർ കേസ് ബഹു: ഹൈക്കോടതിയിൽ നടന്നു വരികയാണ്. ക്ളിഫ് വ്യൂ (19.82 ഏക്കർ) എസ്റ്റേറ്റിനെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട എസ്. എൽ. പി. 4787/2000 നമ്പർ കേസിലും സർക്കാരിനനുകൂലമായി വിധി ഉണ്ടാവുകയും തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. മീരാഫ്ളോറസ് എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെയും രാജാക്കാട്, മോങ്ക് വുഡ്, ചെറുനെല്ലി,

മുപ്ളിവാലി എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെയും ഫയൽ ചെയ്ത കേസുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

| | |
|---|---|
| (ഡി) ഏറ്റെടുക്കൽ നടപടികൾക്കെതിരെ ട്രൈബ്യൂണലിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ. എങ്കിൽ ഏവ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പ്രസ്തുത കേസുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ് ; | (ഡി) പാട്ടക്കരാർ ലംഘനം നടത്തിയതുമായി ബന്ധപ്പെട്ട ഏറ്റെടുക്കൽ നടപടികൾക്കെതിരെ നിലവിൽ ട്രൈബ്യൂണലിൽ കേസുകൾ ഒന്നും ഇല്ല. |
| (ഇ) ഇത്തരം കേസുകളിൽ സർക്കാർ സ്വീകരിച്ചുവന്ന നിലപാടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ഇ) പാട്ടക്കരാർ ലംഘനം നടത്തുന്ന എസ്റ്റേറ്റുകൾ നിലവിലുള്ള നിയമ പ്രകാരം പാട്ടം റദ്ദുചെയ്ത് സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുക എന്നതാണ് നിലവിലെ സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ.